April 2022

# ma

Bishop Moore College Alumni Association



പ്രിയ കുടുംബാംഗങ്ങൾക്ക്

വിഷു - ഈസ്റ്റർ

റംസാൻ

ആശംസകൾ







# REV. PROF. K.C. MATHEW

# പ്രണാമം

## MA

MA Moore Alumni (magazine)
Short form of the publication of the Old Students Association,
Bishop Moore College Mavelikara.
MA [noun] short of Mamma
(Advanced Learners Dictionary)
MA Meet Again
MA [Mother Adores (you)]

മ (നാമം) ബ്രഹ്മാവ്, വിഷ്ണു, ശിവൻ
മ ഈ അക്ഷരത്തിന് ശ്രീ, മാനം, മാതാവ്
എന്നീ അർത്ഥങ്ങളുണ്ടെന്ന് അഗ്നിപുരാണം
അദ്ധ്യായം 348ൽ കാണുന്നു.
(പുരാണിക് എൻസൈക്ലോപീഡിയ)
മാ മഹാ (വിശേഷണം) വലുതായ
(ഉദാ: മാമല)
ശ്രേഷ്ഠമായ (ഉദാ: മാമുനി)
(തമിഴ്-) ജ്ഞാനം
(അഭിനവ മലയാളം നിഘണ്ടു - വാല്യം 2)

## ഒരു'മ'

പ്രിയരേ,
ഒരിടവേളയ്ക്കു ശേഷം 'മ' പ്രസിദ്ധീകരിക്കുകയാണ്. കോവിഡ് മഹാമരിയുടെ ദുരിതകാലത്തു നിന്നും ലോകം ഉയർത്തെഴുന്നേൽക്കുന്ന ഈ ഘട്ടത്തിലാണ് വിഷു പതിപ്പായി 'മ'യുടെ മടങ്ങിവരവ്. പോയകാലത്ത് പ്രളയവും കോവിഡും തീർത്ത പ്രതിസന്ധികളിൽ തളരാതെ മുന്നേറിയവരാണ് നാം. പ്രളയത്തിലാണ്ടവരെ നാം ചേർത്തു പിടിച്ചപ്പോൾ കോവിഡിനെ അകലംകൊണ്ടു നേരിട്ടു. മുന്നോട്ടുള്ള യാത്രകളിലും ആ ഒരുമയാകണം നമ്മുടെ കരുത്ത്. ഒരുമയുടെ കരങ്ങൾക്ക് 'മ' ഊർജം പകരട്ടേ..

***പ്രിയ കുടുംബാംഗങ്ങൾക്ക് വിഷു - ഈസ്റ്റർ - റംസാൻ ആശംസകളോടെ....***

ടീം എഡിറ്റോറിയൽ



**Sarath Kumar S**
**(2008-2011 Batch)**
**Convenor, MA and Media**
**Joint Secretary, BMC Alumni**

# നല്ല മാതൃകകൾ ഓർമ്മപ്പെടുത്താനാകട്ടെ..

ബിഷപ് മൂർ കോളജ് പൂർവ്വവിദ്യാർത്ഥി സംഘടന പ്രസിദ്ധീകരിച്ചു വരുന്ന 'മാ' എന്ന പ്രസിദ്ധീകരണം ഒരിക്കൽ കൂടി പ്രസിദ്ധീകരിച്ചു കാണുന്നതിൽ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു.

പൂർവ്വ വിദ്യാർത്ഥികൾ കോളജിന്റെ നിക്ഷേപം ആണ്. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അവരുടെ ജീവിതം കരുപ്പിടിപ്പിക്കാൻ വേണ്ട ഊർജ്ജം നൽകിയ ഈ കലാലയം പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെയാണ് നേരിട്ടു കൊണ്ടിരിക്കുന്നത്.

കോവിഡ്–അനന്തര കാലഘട്ടം വിദ്യാർത്ഥികളിൽ പ്രകടമായ മാറ്റങ്ങൾക്ക് തന്നെ കാരണമായിരിക്കുന്നു. അതിൽ പലതും വെല്ലുവിളികൾ നിറഞ്ഞതും ചിലപ്പോഴെല്ലാം ദുഷ്ക്കരമായും അനുഭവപ്പെടുന്നു. ചോർന്നു പോകുന്ന മൂല്യബോധം വല്ലാതെ ആശങ്കപ്പെടുത്തുന്നു. പരിധികൾ മറന്നു പോകുന്ന യുവത്വം അപകടകരമായ മൂല്യച്യുതിയിലേക്കാണ് യാത്ര ചെയ്യുന്നത്. അതിന് കുട പിടിച്ചു കൊടുക്കുന്ന നേതാക്കൻമാരും കുറവല്ല . ഇത്തരമൊരു കാലത്ത്, നിസ്തുല്യമായ ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കുവാൻ അധ്യാപകർക്ക് സാധിക്കും.

പൂർവ്വ വിദ്യാർത്ഥികൾക്ക് പഴയ ചില നല്ല മാതൃകകളെ ഓർമ്മപ്പെടുത്തുവാൻ കഴിയും. ഈ കാലയളവിൽ കോളജിന്റെ പൂർവ്വ വിദ്യാർത്ഥി സംഘടന ഊർജ്ജസ്വലമായിരിക്കുന്നു. പുതിയ തലമുറയ്ക്ക് വഴി കാട്ടുവാൻ പൂർവ്വ വിദ്യാർത്ഥി സംഘടന സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് സാധിക്കട്ടെ എന്നാശംസിക്കുന്നു.

'മാ' യുടെ സർഗ്ഗ ചിന്തകൾ എല്ലാവരിലേക്കും എത്തട്ടെ എന്ന് ആഗ്രഹിക്കുന്നു.

അഭിനന്ദനങ്ങളോടെ,

**പ്രൊഫ. (ഡോ.) ജേക്കബ് ചാണ്ടി**
പ്രിൻസിപ്പൽ, ബിഷപ് മൂർ കോളജ്
മാവേലിക്കര



**Dr. Jacob Chandy**
**(1982-87 Batch Student)**
**Principal, Bishop Moore College**
**Patron, BMC Alumni**

# ഊഷ്മളാഭിവാദ്യങ്ങളോടെ..


പ്രിയ സുഹൃത്തുക്കളെ,
ചലനാത്മകതയാണ് ഈ പ്രപഞ്ചത്തെയാകെ പ്രഭാപൂരിതമാക്കുന്ന സവിശേഷ ഘടകം. അതു പ്രകൃതി സദയം നമുക്കു തരുന്ന വിലയേറിയ പാഠമാണ്. 'താളത്തിനൊത്തു തുള്ളുക' എന്ന പൊങ്ങുതടിയുടെ തത്വശാസ്ത്രമല്ല അതെന്നു സാരം. കൊച്ചുകൊതുമ്പുവള്ളം മുതൽ വലിയ വിനോദസഞ്ചാര യാനങ്ങൾ വരെ തികഞ്ഞ ആർജ്ജവത്തോടെ നയിക്കുന്നതുകൊണ്ടു മാത്രമേ ഫലപ്രാപ്തി കൈവരിക്കാനാവൂ. അതുകൊണ്ടാണ് ഈ വിശാല ജീവിത സാഗരത്തിൽ തീരത്തെത്താൻ അത്യന്താപേക്ഷിതമായ ചില വസ്തുതകൾ നമ്മുടെ പൂർവ്വപിതാക്കന്മാർ തന്നെ കണ്ടെത്തി അക്കമിട്ടു നിരത്തിവച്ചത്.

സ്വപ്നങ്ങൾ ഉണ്ടാവണം.
ലക്ഷ്യങ്ങൾ വ്യക്തമാകണം.
സുതാര്യവും കാര്യക്ഷമവുമായ പ്രവർത്തന പദ്ധതി രൂപപ്പെടുത്തണം.
അതിതീവ്രമായ അധ്വാനം ഉണ്ടായേതീരൂ.
പ്രതിബന്ധങ്ങളെ, പ്രതിസന്ധികളെ തരണം ചെയ്യാൻ, അതിജീവിക്കാനുള്ള സ്ഥൈര്യം കാണിക്കണം.
ഉത്സാഹത്തോടെ പ്രവർത്തിക്കണം.
ശുഭാപ്തി വിശ്വാസം സജീവമാകണം. എങ്കിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. തീർച്ച..

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും അതുതന്നെ. മനുഷ്യനന്മയെ ലാക്കാക്കിയുള്ള സൂക്ഷ്മത നിറഞ്ഞ പ്രവൃത്തി. അതിനു ഉൾക്കരുത്തും പ്രചോദവനും തരേണ്ടത് നമ്മുടെ ഹൃദയം, നമ്മുടെ മനസ്. 'മറ്റുള്ളവർ'. അവരെക്കുറിച്ചു മാത്രം നമ്മുക്ക് ചിന്തിക്കുക. അവർക്കുവേണ്ടി കർമ്മനിരതരാവുക. എങ്ങും ശാന്തി, സമാധാനം തുടിച്ചു നിൽക്കും. ചരിത്രം അതാണ് നമ്മോട് പറയുന്നത്.

അതിനുള്ള അതിവിശിഷ്ടമായ ശിക്ഷണമാണ് കലാലയങ്ങൾ നൽകുന്നത്. കലാലയത്തിന്റെ വിവിധ ഘടകങ്ങളും അതാണ് വിഭാവന ചെയ്യുന്നത്; പൂർവ്വ വിദ്യാർത്ഥി സംഘടനകൾ ഉൾപ്പെടെ. നമ്മുടെ ഒരേയൊരു മുദ്രാവാക്യം - ഊർജ്ജസ്വലതയോടെ മുന്നോട്ട്.
'മാ'യ്ക്ക് സ്നേഹം നിറഞ്ഞ അഭിവാദ്യങ്ങൾ.

ആത്മാർത്ഥതയോടെ, ആദരവോടെ
സ്വന്തം
വി.സി.



**Prof. V.C. John**
***Chairman, Advisory Board,***
***BMC Alumni Association***

# മൂർ ഫാമിലി

മൂർ ഫാമിലി - പ്രിൻസിപ്പലച്ചൻ അടിവരയിട്ട് അടയാളപ്പെടുത്തിയിരുന്ന അർത്ഥപൂർണമായ പദം. കുടുംബവും കൂട്ടായ്മയും അന്യമായിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് വാക്കിന് പ്രസക്തിയേറെ. അച്ചന്റെ ദർശനത്തിന് അനുയോജ്യമായ നിലയിൽ മുന്നേറാമെന്ന മുഖവരയോടെ തുടങ്ങാം.

ഇടവേളക്കുശേഷം 'മാ' പ്രസിദ്ധീകരിക്കുന്നത് ഋഷി തുല്യമായിരുന്ന ആ സമർപ്പിത ജീവിതത്തിന്റെ വിട പറയലിനുശേഷമാണ്. സൗമ്യവും ദീപ്തവുമായ ആ സ്നേഹ സാമീപ്യം നഷ്ടമായതിന്റെ വേദന നാം അനുഭവിച്ചറിയുന്നു. 92 - ാം വയസിൽ ഗുരുപൂർണിമ ദിനമായ ഇക്കഴിഞ്ഞ ജൂലായ് 23 നായിരുന്നു ആ ഗുരുശ്രേഷ്ഠന്റെ വേർപാടെന്നതും പ്രത്യേകം ഓർക്കേണ്ടതുണ്ട്.

1964ൽ സ്ഥാപിതമായ ബിഷപ്പ് മൂർ കോളേജിന്റെ സ്ഥാപക പ്രിൻസിപ്പാളായി എത്തിയ കെ.സി.മാത്യു അച്ചനാണ് 1983ൽ പൂർവ വിദ്യാർത്ഥി സംഘടനക്ക് രൂപം നൽകിയത്. പ്രവർത്തന രംഗത്ത് നാൽപതാമതു വർഷത്തിലേക്ക് സംഘടന പാദമൂന്നുകയാണ്. നാളിതുവരെയുള്ള പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ മെച്ചപ്പെട്ട നിലവാരത്തിലേക്ക് ഉയരാൻ നമ്മുടെ സംഘടനക്ക് സാധ്യമായിട്ടുണ്ട്.

കോവിഡിന്റെ മഹാമാരിക്കാലം എല്ലാ മേഖലകളിലുമെന്നപോലെ നമ്മുടെ പ്രവർത്തനത്തെയും ബാധിച്ചു. ഇപ്പോൾ വീണ്ടും നാം പുതിയ കർമ്മ പരിപാടികളും വേറിട്ട പ്രവർത്തനങ്ങളുമായി സജീവമായിരിക്കുന്നു. സംഘടനയിൽ കൂടുതൽ പൂർവ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് കരുതലോടെയുള്ള പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

സൗഹൃദച്ചിരിയിൽ പോലും പിശുക്ക് കാട്ടുന്ന കാലത്ത്, ലാഭനഷ്ടങ്ങളുടെ കണക്കെടുപ്പിലൂടെ സ്നേഹം വിലപേശി വാങ്ങുന്ന കാലത്ത് സ്നേഹവും ആത്മാർത്ഥതയുമുള്ള ബിഷപ്പ് മൂറിലെ പഴയ വിദ്യാർത്ഥികളായി നമ്മുക്ക് തുടരാം. കലാലയ ജീവിതത്തിന്റെ ഒരിക്കലും മറക്കാനാവാത്ത ഓർമ്മകളിലൂടെ ആത്മബന്ധം ഉറപ്പിക്കാം. യാന്ത്രികമായി മാറിക്കൊണ്ടിരിക്കുന്ന ജീവിതത്തിനിടയിൽ വീണു കിട്ടുന്ന സന്തോഷമായി, സ്നേഹമായി, നന്മയായി പ്രവർത്തനങ്ങൾ മാറട്ടെ. അതിനായുള്ള കൂട്ടായ പരിശ്രമത്തിൽ പങ്കാളികളാവാം.

ഏവർക്കും വിഷു - ഈസ്റ്റർ - റംസാൻ ആശംസകൾ



***Shri. K.G. Mukundan***
***President, BMC Alumni Association***
***(1975-80 Batch)***
***Special Correspondent & Bureau Chief (Rtd.)***
***Mathrubhumi, Kottayam***

# ദുഷ്ടൻ

കോളജിന്റെ ഗേറ്റിനോടു ചേർന്നുള്ള പാർക്കിങ് ഏരിയയിൽ കാർനിർത്തിയിട്ട് അയാൾ കൗതുകത്തോടെ വണ്ടിയിൽ നിന്നിറങ്ങി. കാമ്പസിലെ കണിക്കൊന്നകൾ നിറയെ മഞ്ഞപ്പൂങ്കുലകൾ. വാകമരം ഓറഞ്ചു വർണ്ണമണിഞ്ഞ് നിൽക്കുന്നു.
പങ്കെടുക്കാൻ പോകുന്ന മൂന്നാമത്തെ പൂർവ്വവിദ്യാർത്ഥി സമ്മേളനമാണ്. വയസ്സ് അമ്പതായെങ്കിലും മനസ്സിന് 20 വയസ്സിന്റെ ചെറുപ്പം.
ധാരാളം കാറുകൾ പാർക്ക് ചെയ്തിട്ടുണ്ട്. അതിന്റെ അർത്ഥം മുമ്പ് നടന്ന രണ്ട് സമ്മേളനങ്ങളേക്കാളധികം ആളുകൾ എത്തിയിട്ടുണ്ടെന്നാണ്. ഓരോ മീറ്റിങ് കഴിയും‌തോറും കൂടുതൽ കൂടുതൽ പൂർവ്വവിദ്യാർത്ഥികൾ വന്നുകൊണ്ടിരിക്കുന്നു.

അലുമിനി അസോസിയേഷന്റെ വെൽക്കം ബാനർ മുന്നിൽ വലിച്ചു കെട്ടിയിട്ടുള്ള ഹാൾ ലക്ഷ്യമാക്കി അയാൾ നടന്നു. നേരത്തേ എത്തിച്ചേർന്നവർ ഹാളിന്റെ വരാന്തയിലും സമീപമുള്ള പുമരത്തിന്റെ ചുവട്ടിലും ചെറിയ സംഘങ്ങളായി വിശേഷങ്ങൾ പങ്കുവച്ചുകൊണ്ട് നിൽക്കുന്നുണ്ടായിരുന്നു.

''ഗോപാലകൃഷ്ണാ...'' അയാളെക്കണ്ട് അവർക്കിടയിൽ നിന്ന് ബാലചന്ദ്രൻ കയ്യുയർത്തിക്കാട്ടി അടുത്തേക്ക് വന്നു. പ്രീഡിഗ്രിക്കും ഡിഗ്രിക്കും സഹപാഠികളായിരുന്നു അവർ.
''നീ നേരത്തെ എത്തിയോ?'' സന്തോഷത്തോടെ അയാൾ ബാലചന്ദ്രന്റെ കൈ പിടിച്ചു.
''വന്നതേയുള്ളു.. വരാൻ പറ്റുമോ എന്ന് നീ സംശയം പറഞ്ഞതുകൊണ്ട് ഞാൻ നിന്നെ പ്രതീക്ഷിച്ചില്ലായിരുന്നു..''
''നേരത്തേ ഫിക്സ് ചെയ്ത പ്രോഗ്രാം ലാസ്റ്റ് മിനിറ്റിൽ മാറ്റി'' അയാൾ പറഞ്ഞു.
ബാലചന്ദ്രൻ ഒരു കള്ളച്ചിരി ചിരിച്ചു.
''മനസ്സിലായി... പക്ഷേ ഇത്തവണയും പ്രയോജനമുണ്ടാകുമെന്ന് തോന്നുന്നില്ല. അവളിപ്പോൾ പഞ്ചാബിലാണ്. ലുധിയാനയിൽ ടീച്ചർ. നാട്ടിൽ ബന്ധുക്കളാരുമില്ല... അവർ അവിടെ സെറ്റിൽ ചെയ്തിരിക്കുകയാ..''
രാധയെക്കുറിച്ചാണ് ബാലചന്ദ്രൻ പറയുന്നതെന്ന് അയാൾക്ക് മനസ്സിലായി.
''നീയെ... അയാൾ ചോദിച്ചു
''രാധയെ എങ്ങനെയെങ്കിലും ഒന്നു കണ്ടുപിടിക്കാൻ ഞാൻ ഫിസിക്സിലെ ഗായത്രിയോട് പറഞ്ഞിരുന്നു. അവൾ കുറേ ശ്രമിച്ചിട്ടാണ് കക്ഷി പഞ്ചാബിലുണ്ടെന്ന് മനസ്സിലായത്.''
രാധയെ കാണാൻ സാധിച്ചെങ്കിൽ എന്ന് ആഗ്രഹിച്ചുതന്നെയാണ് ഇത്തവണയും അയാൾ വന്നത്. ഒന്നിച്ച് ഓരേ ക്ലാസിൽ പഠിച്ചവരാണ്. കോളജ്‌വിട്ട ശേഷം കണ്ടിട്ടേയില്ല. എവിടെയാണെന്ന് അറിയാൻ കഴിഞ്ഞിട്ടുമില്ല.
''ഗായത്രിക്ക് സംശയം, എന്തിനാണ് ഞാൻ അവളെക്കുറിച്ച് അന്വേഷിക്കുന്നതെന്ന്.. ഞാൻ പറഞ്ഞു നിനക്കുവേണ്ടിയാണെന്ന്.. അപ്പോൾ അവൾക്ക് അത്ഭുതം. നിങ്ങൾ തമ്മിൽ അങ്ങനെയൊന്നും ഇല്ലായിരുന്നല്ലോ എന്ന്..
ഞാൻ പറഞ്ഞു വൺവേ ആയിരുന്നെന്ന്..''
അതു പറഞ്ഞ് ബാലചന്ദ്രൻ ചിരിച്ചു. അയാൾക്ക് ചിരിവന്നില്ല.
മീറ്റിങ് തുടങ്ങിയപ്പോൾ രണ്ടുപേരും ഹാളിൽ കയറിയിരുന്നു. കസേരകൾ ഏതാണ്ട് എല്ലാം നിറഞ്ഞ് കഴിഞ്ഞിരുന്നു.
''രാധയോട് ഗായത്രി സംസാരിച്ചു. അവൾ ഒട്ടും ഹാപ്പിയല്ലെന്നാണ് ഗായത്രി എന്നോട് പറഞ്ഞത്. എന്തൊക്കെയോ പ്രശ്നങ്ങൾ ഉണ്ട്. പക്ഷേ രാധ ഒന്നും വിട്ടു പറഞ്ഞില്ല...''
കേട്ടപ്പോൾ അയാൾക്ക് ദുഃഖം തോന്നി.
ഉദ്ഘാടവനും മറ്റ് പ്രഭാഷണങ്ങളും നടക്കുമ്പോൾ രാധയെക്കുറിച്ചാണ് അയാൾ ചിന്തിച്ചത്. രാവിലെ കുളി കഴിഞ്ഞ് അവൾ കോളജിൽ വരുമ്പോൾ വിതിർത്തിട്ട മുടിയിൽ അങ്ങിങ്ങ് പിച്ചിപ്പൂക്കൾ തങ്ങിനിൽക്കുമായിരുന്നു. നെറ്റിയിൽ ചന്ദനക്കുറി ഉണ്ടാകുമായിരുന്നു. മെലിഞ്ഞ ശരീരത്തിന് സാരി നല്ല ചേർച്ചയായിരുന്നു.
ടീ ബ്രേക്കിന്റെ സമയത്ത് ഹാളിന്റെ വരാന്തയിൽ ബാലചന്ദ്രനുമായി സംസാരിച്ചു നിൽക്കുമ്പോഴാണ് വെളുത്ത് അൽപം തടിച്ച ഒരു സ്ത്രീ അവരുടെ അടുത്തേക്ക് വന്നത്. സാൽവാർ കമ്മീസ് ആയിരുന്നു വേഷം. മുടി ചുമലൊപ്പം വച്ച് മുറിച്ചിരിക്കുന്നു. ചുണ്ടുകളിൽ നേർമയായി ലിപ്സ്റ്റിക് പുരട്ടിയിരുന്നു.
''എന്നെ മനസ്സിലായോ?'' അയാളുടെ മുന്നിലേക്കുവന്നു നിന്ന് അവൾ ചോദിച്ചു.
അയാൾ അവളുടെ മുഖത്തേക്ക് കണ്ണിമയ്ക്കാതെ നോക്കി. അരയൊപ്പം വന്നു കിടക്കുന്ന മുടിയില്ല. പിച്ചകപ്പൂ മണമില്ല. ചന്ദനക്കുറിയില്ല.
''ഒരു വാക്ക് എന്നോടു പറയാമായിരുന്നു നിനക്ക്. ദുഷ്ടനാണ് നീ.. ദുഷ്ടനാണ്'' നിറകണ്ണുകളോടെ അവൾ പറഞ്ഞു.
അകലെയെവിടെ നിന്നോ ഒരു പുല്ലാംകുഴൽ നാദം ഒഴുകിവരുന്നതുപോലെ അയാൾക്ക് തോന്നി. അതിൽ ലയിച്ച് എല്ലാം മറന്ന് അവളുടെ കണ്ണുകളിലേക്ക് നോക്കി അയാൾ നിന്നു.



**Shri. K.K. Sudhakaran**
**(1969-74 Batch)**
**Writer, Former Librarian, MG University**

# ഒരേ മനസ്സോടെ..

ബഹുമാന്യ സുഹൃത്തുക്കളെ,

നീണ്ട ഒരിടവേളയ്ക്കു ശേഷം 'മ' എത്തുകയാണ്. വിഷു – ഈസ്റ്റർ - റംസാൻ കാലത്ത് പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ അങ്ങേയറ്റം സന്തോഷിക്കുന്നു. വിഷു കാത്തിരിപ്പിന്റെ, ആകാംക്ഷയുടെ, ആഘോഷത്തിന്റെ ദിനമാണ്. പ്രകൃതി പുഷ്പാഭരണം ചാർത്തി വിഷുദിനം കാത്തിരിക്കുന്നു. ഒരു വിഷു കൈനീട്ടമായി ഈ ഡിജിറ്റൽ പതിപ്പ് അവതരിപ്പിക്കട്ടെ..

കഴിഞ്ഞ രണ്ട് വർഷങ്ങൾ ലോക ചരിത്രത്തിലെ തന്നെ കറുത്ത അദ്ധ്യായമായിരുന്നു. ചരിത്രത്തെ കോവിഡിനു മുമ്പും പിമ്പുമായി വേർതിരിച്ചു. പുതിയ ശീലങ്ങളും രീതികളും നാം പഠിച്ചു. പുതിയ പുതിയ സാധ്യതകളും നാം മനസിലാക്കി. ബിഷപ് മൂർ കോളജ് പൂർവവിദ്യാർഥി സംഘടനയും ഈ മാറ്റം ഉൾക്കൊണ്ടു. മീറ്റിങ്ങുകളും സെമിനാറുകളും കലാപരിപാടികളും ഓൺലൈനിൽ നടത്താൻ തുടങ്ങി. പൂർവവിദ്യാർഥികളിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരെ വ്യത്യസ്ത കുടക്കീഴിൽ കൊണ്ടുവന്നു. ഡോക്ടേഴ്സ് ഫോറം, ലിറ്ററി കമ്മിറ്റി, അക്കാദമിക് കമ്മിറ്റി, കൾചറൽ കമ്മിറ്റി, സ്പോർട്സ് കമ്മിറ്റി, ചാപ്റ്റർ ഫോർമേഷൻ കമ്മിറ്റി, മ & മീഡിയ കമ്മിറ്റി തുടങ്ങിയ സബ് കമ്മിറ്റികൾ രൂപീകരിച്ചു. ഈ കമ്മിറ്റികളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടന്നുവരുന്നു. സാഹചര്യം അനുകൂലമായാൽ വരും കാലങ്ങളിൽ പരിപാടികൾ ഓഫ്‌ലൈനിലും നടത്താൻ ആഗ്രഹിക്കുന്നു.

പൂർവവിദ്യാർഥി സംഘടനയ്ക്ക് നമ്മുടെ കോളജിൽ ഓഫീസ് തുറന്നിരിക്കുന്നു എന്ന സന്തോഷ വാർത്തകൂടി അറിയിക്കട്ടെ. ഓഫീസിന്റെയും കല്ലുമല ചാപ്റ്ററിന്റെ ഉദ്ഘാടനം 2022 മാർച്ച് 31 ന് കോളജ് പ്രിൻസിപ്പൽ ഡോ. ജേക്കബ് ചാണ്ടി നിർവഹിച്ചു. യുഎഇ, കുവൈറ്റ്, തിരുവനന്തപുരം ചാപ്റ്ററുകൾ കൂടുതൽ സജീവമായിക്കൊണ്ടിരിക്കുന്നു.

സംഘടനയുടെ പ്രവർത്തനങ്ങൾക്ക് കോളജ് പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, മറ്റ് അധ്യാപകർ, അനധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവരുടെ നിർലോഭമായ സഹകരണം ലഭിക്കുന്നു എന്നത് എടുത്ത് പറയേണ്ടിയിരിക്കുന്നു.

സുപ്രീംകോടതി ജഡ്ജിയായി നിയമിതനായ നമ്മുടെ പ്രിയപ്പെട്ട പൂർവവിദ്യാർഥി ജസ്റ്റിസ്. സി.ടി. രവികുമാർ അവർകളെ നാം കഴിഞ്ഞ നവംബർ 1 ന് സംഘടിപ്പിച്ച ഓൺലൈൻ ഗെറ്റ്ടുഗതറിൽ അഭിനന്ദിക്കുകയുണ്ടായി. പൂർവ വിദ്യാർഥികളായ സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ, മാവേലിക്കരയുടേയും റാന്നിയുടേയും എംഎൽഎമാരായ ശ്രീ. എം.എസ്. അരുൺ കുമാർ, ശ്രീ. പ്രമോദ് നാരായൺ, മറ്റ് ജനപ്രതിനിധികൾ എന്നിവരെ അനുമോദിക്കുന്നതിനും അവരുടെ സജീവ സാന്നിധ്യവും സഹകരണവും നമ്മുടെ സംഘടനയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു എന്ന സന്തോഷം അറിയിക്കുന്നതിനും ഈ അവസരം വിനിയോഗിക്കുന്നു.

കോളജിന്റെ സ്ഥാപക പ്രിൻസിപ്പൽ പ്രിയപ്പെട്ട പ്രഫ. കെ.സി.മാത്യു അച്ചന്റെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഓൺലൈൻ പരിപാടി കഴിഞ്ഞ കമ്മറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്നു. സംഘനയുടെ മുൻ പ്രസിഡന്റ് ഡോ. സാബു ജോർജ്, സെക്രട്ടറി ശ്രീ. രാജേഷ് തഴക്കര എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി സംഘടിപ്പിച്ച പരിപാടിയിൽ പ്രിയപ്പെട്ട അച്ചന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പൂർവ വിദ്യാർഥികൾ സംസാരിക്കുകയുണ്ടായി.

പൂർവിദ്യാർഥി സംഘടനയുടെ ആഭിമുഖ്യത്തിൽ കൂടുതൽ വിപുലമായ പരിപാടികൾ നടത്തുന്നതിന് എല്ലാ അംഗങ്ങളുടേയും സഹകരണം അഭ്യർഥിച്ചുകൊണ്ട്, എല്ലാവർക്കും വിഷു - ഈസ്റ്റർ - റംസാൻ ആശംസകൾ നേരുന്നു...



**Shri. Joseph S**
**General Secretary, BMC Alumni**
**(1977 - 82 Batch)**
**Retired as Channel Manager,**
**CM&CS Dept, Regional Office,**
**State Bank of India.**



***Shri. Deva Manohar***
***(1983-88 Batch)***
***Superintendent of Police,***
***Human Rights Commission***

# വീടൊഴിയുമ്പോൾ....

കൊഴിഞ്ഞ രാപകലുകൾ
വിങ്ങലാൽ വരിഞ്ഞുകെട്ടി
വണ്ടിയിൽ കയറ്റി
വീടു പൂട്ടിയിറങ്ങവെ,
ഓർമ്മകൾ കരളിലുരഞ്ഞൊരു ചോദ്യം കത്തി നിന്നു.
എടുക്കുവാൻ മറന്നുവോ എന്തെങ്കിലും?

മനസ്സടർന്ന്,
നട്ടു പോറ്റിയ
തെറ്റിമേൽ തൂങ്ങി.
ചോന്നു തുടിച്ചു നിൽക്കുന്ന
ചോപ്പിൻ്റെ സ്നിഗ്ദ്ധത
ഇലയടക്കങ്ങളിൽ ഞെരിഞ്ഞു കൂമ്പി.
മണ്ണോർമ്മകളിലുറഞ്ഞ്,
കൂടെ വരാനാവാത്ത
വേരിൻ്റെ വിതുമ്പലുകൾ...
ഇലകളാലാടിയുഴിഞ്ഞ
പൂവാടികൾ,
തണ്ടിൻ്റെ ഗർവ്വത്തിൽ ചെമ്പകം പൊഴിക്കുന്ന ഗദ്ഗദ
സൗരഭങ്ങൾ.

അടുക്കളയിൽ,
അകത്തളങ്ങളിൽ
ഒരു വറ്റിൻ്റെ സമൃദ്ധിയിൽ
ഉത്സവം കൊണ്ടാടുന്ന
ഉറുമ്പുകളുടെ നിരയൊഴുക്ക്....
അടുക്കള വാതിൽക്കൽ
അലമുറയിടുന്ന കാക്കകളുടെ
അവകാശവാദങ്ങൾ....

മുറ്റം മേഞ്ഞുനിൽക്കുന്ന അത്തിയുടെ
നിഴൽ നനവുകളിൽ
കരിയിലപ്പുള്ളുകളുടെ പ്രലാപം
ചന്നം പിന്നമോടി,യടക്കം പിടിക്കുന്ന
അണ്ണാൻമാരുടെ സല്ലാപങ്ങൾ...

രാമധുരങ്ങളിൽ കണ്ണുനട്ടിരുന്ന
പ്രേമഭാവങ്ങളുടെ
പട്ടാഭിഷേകങ്ങൾ കൊണ്ടാടിയ
രാസനിലാച്ചന്തങ്ങൾ,
സ്വർഗ്ഗം താണിറങ്ങി വന്ന
പുനിലാമഴകൾ,
ചുംബനങ്ങളിൽ മുറിഞ്ഞുപോയ പരിഭവങ്ങൾ
നനഞ്ഞു കുതിർന്ന രാസുകൃതങ്ങൾ,
പൂനിലാവു പെയ്യുന്നപുലർകാല സ്വപ്നങ്ങൾ,
നിമിഷങ്ങളുടെ നീളം യുഗങ്ങളോളം വളർത്തിയ
കാത്തിരിപ്പുകളടക്കം ചെയ്ത പകൽപ്പെട്ടികൾ.

പൂമണം തികട്ടിനിന്ന സായംസന്ധ്യകളിൽ
മുല്ലവള്ളിയിൽ നിന്ന്
പടർന്നിറങ്ങിയ ഏകാന്തതകളിലുണ്ടുറങ്ങിയ
ദിവാസ്വപ്നങ്ങളടക്കം
ഋതുസന്ധ്യകൾ,
പകലുരുക്കങ്ങളാറ്റിത്തണുപ്പിച്ച
രാവിരക്കങ്ങൾ...
നോവിടങ്ങളിലർച്ചിച്ച്
അനാഥമാകുന്നു,
വീടും ഞാനും.

# കാവൽ മൃഗങ്ങൾ

പട്ടികളെ രണ്ടിനെയും കുളിപ്പിച്ച് കൂട്ടിലാക്കി ഭക്ഷണവും കൊടുത്തു കഴിഞ്ഞപ്പോഴേക്കും നാരായണൻ നായർ നന്നേ ക്ഷീണിച്ചു. നിവർന്നു നിന്ന് നടുവ് ഒന്ന് നിവർത്തി. വല്ലാത്ത കിതപ്പു തോന്നി. ഇപ്പോൾ അങ്ങനെയാണ് പഴയതുപോലെ ഒരു പണിയും ചെയ്യാൻ പറ്റുന്നില്ല. ആരോഗ്യം വല്ലാതെ ക്ഷയിച്ചിരിക്കുന്നു. പ്രായം കുറെ ആയില്ലേ. പക്ഷെ, ചിലതൊക്കെ ചെയ്യാതിരിക്കാനും കഴിയില്ല. താൻ ചെയ്തില്ലെങ്കിൽ പിന്നെ ആര് ചെയ്യും? ഭാര്യ മകളോടൊപ്പം അമേരിക്കയിലാണ്. മകളുടെ രണ്ടാമത്തെ പ്രസവം കഴിഞ്ഞു കുഞ്ഞിന് ഒരു വയസായി. മോൾക്ക് ജോലിക്ക് പോകണമെങ്കിൽ അമ്മ വന്നേ പറ്റൂ എന്ന് മോൾ നിർബന്ധം പിടിച്ചപ്പോൾ അവൾ അങ്ങ് പോയി. പോരെങ്കിൽ മകളുടെ മൂത്ത മകളെ ഈ വർഷം സ്കൂളിൽ ചേർക്കണം.

അവിടെയൊക്കെ കുട്ടികളെനോക്കാൻ ആളിനെ കിട്ടില്ലെന്നാണ് പറയുന്നത്. കിട്ടിയാലും വലിയ ശമ്പളം കൊടുക്കണം. ഇതാകുമ്പോൾ ശമ്പളം വേണ്ടല്ലോ, തിന്നാൻ വല്ലതും കൊടുത്താൽ മതിയല്ലോ. കുറ്റം പറയരുതല്ലോ, വിമാന ടിക്കറ്റും വിസയുമെല്ലാം മോളും മരുമോനും കൂടിയാണ് ഏർപ്പാടാക്കിയത്. ഒന്നും അറിയേണ്ടി വന്നില്ല. ഒരു പൈസ പോലും ചിലവായതുമില്ല.

അപ്പോൾ മോളു പറഞ്ഞതാണ്: അച്ഛൻ വീട്ടിൽ തന്നെ നിൽക്കട്ടെ വീട് പൂട്ടിയിട്ട് പോന്നാൽ വീട്ടിൽ കള്ളൻ കയറില്ലേ. തന്നെയുമല്ല, വലിയ വില കൊടുത്തു വാങ്ങിയ രണ്ടു പട്ടികളാണ് വീട്ടിലുള്ളത്. അച്ഛൻ കൂടിയിങ് പോന്നാൽ അതിനെ ആര് നോക്കും. അതിനു സമയത്തിന് ആഹാരം കൊടുക്കണം, മരുന്ന് കൊടുക്കണം. ഇൻജെക്ഷൻ എടുക്കണം.

മോളുടെ കരുതൽ നല്ലതാണ്. അത്രക്കും വില കൂടിയ നായ്ക്കളാണ് അവറ്റകൾ. ഒരുപക്ഷെ അച്ഛനെക്കാൾ വിലകൂടിയത്. അങ്ങനെ അയാളും പട്ടികളും ഒരുമിച്ച് ഉണ്ടും, ഉറങ്ങിയും ആഹ്ലാദിച്ചു ഗുസ്തി പിടിച്ചും ഓടിക്കളിച്ചും പരസ്പരം ഒരു പരാതിയുമില്ലാതെ കരുതലോടും സ്നേഹത്തോടും ആ വലിയവീട്ടിൽ, വലിയ മതിൽക്കെട്ടിന്റ വിശാലതയിൽ മുറ്റത്തും അകത്തളങ്ങളിലുമായി സസുഖം ജീവിക്കുന്നു.  ഒപ്പം രണ്ടു കാലുകളിലും നാല് കാലുകളിലുമായി നടന്ന് അവർ നന്ദിയോടെയും പരസ്പര സ്നേഹത്തോടെയും വീട് കാക്കുന്നു....



**Shri.B Somasekharan Unnithan**
**(1967-69 Batch)**
**Retired as Deputy Supdt. of Police**










Photos:

**Shri. Nabeer Abdul Kareem**

**(1992-96 Batch)**

**Business Consultant**



# വെയിൽ പെയ്യും നാട്ടുവഴിയിൽ

വെയിൽ പെയ്യും നാട്ടുവഴിയിൽ
താൻ ചുരത്തിയ സ്വർണ്ണ ധൂളികൾ
വിതിർത്തിട്ടു, കയ്കൾ കെട്ടി
കാത്തു നിൽപ്പൂ കണിക്കൊന്ന,
ക്ഷണിക്കയാണൊന്നു നോക്കൂ
കൂട്ടുകാരാ..
മാരിയൊന്നു മാറി നിൽക്കെ
പൊന്നുരുക്കി സ്പുടമാക്കി
കാത്തു കാത്തിരുന്നു നിന്നെ
കണികാട്ടാനായി ഞാനും,
കണ്ടഭാവം നടിക്കാതെ
മണ്ടുവാൻനീയും.
കനൽകത്തിയുരുകുന്ന മീന–
ത്തിന്നറുതിയിൽമുഴുക്കാപ്പ്–
ചാർത്തിയെത്തും പ്രണയത്തിൻ
വസന്തമാണെനിക്ക് നീയ്.
എന്നാലു മിക്കുറി വല്ലാതെ
നൊന്തുപോയാമഹാമാരിയാവതും
പടിയിറക്കി, പക്ഷേ..
കേൾപ്പതില്ലേ
നീയുമിന്നാരണഭേരിയകലത്തായ് ,
പൊഴിയാത്ത പൊക്കിൾക്കൊടിയുമാ
യിക്കിടക്കുന്നോരാക്കുഞ്ഞു കബന്ധത്തെ ,
വീർപ്പടക്കിയൊരുമാത്ര നോക്കിനിന്നുഞാൻ .
നീവന്നു ചേർന്നകാര്യമൊട്ടു മറിഞ്ഞീടാതെ.
അലിയട്ടെ യിനി ഞാൻ നിൻ
മുഗ്ധസ്മേരക്കുളിർനിലാവിൽ.
പുതു വർഷ പ്പുലരിയിൽ
പുനർജ്ജനിക്കാൻ
ഒരു ഹർഷോന്മാദമായിപ്പുനർജ്ജനിക്കാൻ



**_Dr. Sherly P Anand_**
**_(1978-83 Batch)_**
**_Former Principal, TKMM College, Nangiarkulangara_**

# BISHOP MOORE COLLEGE ALUMNI ASSOCIATION MAVELIAKRA

## Executive Committee Members

**Dr Jacob Chandy** (Principal and Patron)
**Prof. V C John** (Chairman Advisory Board)
**Shri. K G Mukundan** (President)
**Shri. Joseph S** (General Secretary)
**Shri. B Somasekharan Unnithan** (Vice president)
**Adv. K Ramakrishnan Unnithan** (Vice President)
**Dr. Sherly P Anand** (Vice President)
**Shri. P K Thulasidas** ( Joint Secretary)
**Dr. Divya S** (Joint Secretary)
**Shri. Sarath Kumar S** (Joint Secretary)
**Shri. K L Haribabu** (Organising Secretary)
**Dr. Lynnette Joseph** (Treasurer)

**Prof. Koshy Ninan**
**Shri. Eipe John**
**Shri. Vimalkumar V**
**Shri. Rajesh Thazhakara**
**Adv . K R Muraleedharan**
**Shri. K A Muraleedharan**
**Dr. C Gopinathan Pillai**
**Shri. Mohan Mavelikara**
**Shri. Moncy John**
**Smt. Mercy Paul**
**Shri. B Manu**
**Shri. Alex K Koshy**
**Smt. Leena Susan Koshy**
**Dr. Ranjith Mathew Abraham**
**Prof. Robert Raju**
**Prof. Yogesh Prasad**
**Pof. Merin George**
**Shri. George John**
**Shri. P V Sivasankara Pillai**
**Shri. Mohammed Sherif**
**Dr. Sabu George**
**Prof. M K Samuel**
**Shri. P R Santhosh**
**Dr. Narayanan Nair**
**Brig. Dr. V D Abraham**
**Shri. Santhosh Sankaran**
**Col. Hari Prasad S**
**Ms. Greeshma S**
**Shri. Nabeer Abdul Kareem**
**Shri. G Vijayakumar**
**Shri. Thomas Oommen**
**Dr.Varughese Anie Kurien**
**Adv. Stephen J Daniel**
**Prof. Siji K Mary**
**Shri. John K John**

# BISHOP MOORE COLLEGE ALUMNI ASSOCIATION MAVELIKARA

## Sub Committee Convenors

**Dr. Narayanan Nair** (Doctors Forum)
**Dr. Divya S** (Literary Committee)
**Dr. Sherly P Anand** (Academic Committee)
**Shri. B Somasekharan Unnithan** (Arts and Cultural committee)
**Shri. Sarath Kumar S** (Ma and Media Committee)
**Shri. P K Thulasidas** (Chapter Formation Committee)
**Adv. K Ramakrishnan unnithan** (Sports committee)
**Prof. Koshy ninan** (Compilation of Records)
**Brig.Dr. V D Abraham** (Social Action committee)

# BMC ALUMNI ASSOCIATION UAE CHAPTER

## ഭാരവാഹികൾ


Paul George


Shyju Daniel



Sumish Saralappan

**ശ്രീ. പോൾ ജോർജ് പൂവത്തേരിൽ** (പ്രസിഡന്റ്)
**ശ്രീ. ഷൈജു ഡാനിയേൽ** (ജനറൽ സെക്രട്ടറി)
**ശ്രീ. സുമിഷ് സരളപ്പൻ** (ട്രഷറർ)
**ശ്രീമതി. സൂസൻ ബിജു** (വൈസ് പ്രസിഡന്റ്)
**ശ്രീ. സൈജു നൈനാൻ** (ജോ. സെക്രട്ടറി)
**ശ്രീ. റോജിൻ പൈനുംമൂട്** (മീഡിയ കൺവീനർ)

ഉപദേശക സമിതിയിലേക്ക് **ശ്രീ. കാർത്തികേയൻ നായർ, ശ്രീ. ഷിനോയി സോമൻ, ശ്രീ. ജിജി മാത്യു, ശ്രീ. ബിജു ഇടുക്കിള, ശ്രീ. ജയൻ തോമസ്** എന്നിവരെയും 15 അംഗ എക്സിക്യൂട്ടിവ് കമ്മറ്റിയെയും തിരഞ്ഞെടുത്തു.

# ബിഷപ് മൂർ കോളേജിൽ പൂർവ വിദ്യാർഥി സംഘടനക്ക് ഓഫീസ്



ബിഷപ് മൂർ കോളേജ് പൂർവ വിദ്യാർഥി സംഘടനയുടെ ഓഫീസ് പ്രിൻസിപ്പൽ ഡോ.ജേക്കബ് ചാണ്ടി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് കെ.ജി. മുകുന്ദൻ അധ്യക്ഷനായി. സെക്രട്ടറി എസ്.ജോസഫ്, ജോ. സെക്രട്ടറിമാരായ പി.കെ.തുളസീദാസ്, എസ്.ദിവ്യ, എസ്.ശരത് കുമാർ, വൈസ്. പ്രസിഡന്റുമാരായ സോമശേഖരൻ ഉണ്ണിത്താൻ, ഷേർളി പി. ആനന്ദ്, ട്രഷറർ ലിനറ്റ് ജോസഫ്, ഓർഗനൈസിംഗ് സെക്രട്ടറി കെ.എൽ.ഹരിബാബു, രക്ഷാധികാരി വി.സി.ജോൺ, വൈസ് പ്രിൻസിപ്പൽ രഞ്ജിത് മാത്യു എബ്രഹാം, പ്രൊഫ.കോശി നൈനാൻ എന്നിവർ സംസാരിച്ചു.

## അറിയാൻ ഓർമ്മിക്കാൻ

**Doctors Forum** :- നമ്മുടെ പരിചയത്തിലുള്ള പൂർവ വിദ്യാർഥികളായ ഡോക്ടർമാരുടെ കോൺടാക്റ്റ് നമ്പർ കൺവീനർ ഡോ. നാരായണൻ നായരെ (9446422106) അറിയിക്കുക. അറിയിക്കുന്നതിനു മുൻപായി നമ്മൾ അവരുമായി ബന്ധപ്പെടുന്നത് ഉചിതമായിരിക്കും.

**Arts and Culture Committee** :- പൂർവ വിദ്യാർഥികളിലും അവരുടെ കുടുംബാംഗങ്ങളിലും കലാപരമായി മികച്ച നേട്ടം കൈവരിച്ചവരെക്കുറിച്ച് അറിയാവുന്നവർ അവരുടെ പേരുവിവരം കൺവീനർ ശ്രീ. ബി. സോമശേഖരൻ ഉണ്ണിത്താനെ (9447389328) അറിയിക്കുക.

**Literary Committee** :- പൂർവ വിദ്യാർഥികൾ രചിച്ച പുസ്തകങ്ങളെക്കുറിച്ച് അറിയാവുന്നവർ വിവരങ്ങൾ 9447274952, 9447254640 എന്നീ നമ്പറുകളിൽ അറിയിക്കുക.

BISHOP MOORE COLLEGE ALUMNI ASSOCIATION
MAVELIKARA, ALAPPUZHA